കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി.2- 191/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ - 673121
ഫോൺ: 04936-203672
e-mail:dowyd.ksad@kerala.gov.in
തിയ്യതി: 24/04/2020

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല ഓഡിറ്റ് കാര്യാലയം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-ാം ഭാഗത്തിലെ 1-23 3-ാം ഭാഗത്തിലെ 3-1, 3-2 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ്

റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.

3)കാര്യാലയ പകർപ്പ്

കെ.എസ്.എ ഡബ്യൂ.വൈ.ഡി പി2-191/2020

തിയതി:24/04/2020

## വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01/04/2018 മുതൽ 31/03/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി വസന്ത പി.എസ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17/02/2020 മുതൽ 29/02/2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ നവാസ് കെ.എം |

| | |
|---|---|
| | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബിന്ദു.കെ.കെ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ .ഷാജി.പി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലത.ടി.കെ. ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| 1.കടവൻ ഹംസ | പ്രസിഡണ്ട് | 01/04/2018 -31/12/2018 |
| 2.റൈഹാനത്ത് ബഷീർ | | 01/01/2019 -29/01/2019 (പൂർവാഹ്നം വരെ) |
| 3.പി.ജെ രാജേന്ദ്രപ്രസാദ് | | 29/01/2019 (അപരാഹ്നം മുതൽ)-31/03/2019 |
| 1.ഷീല രാംദാസ് | വൈസ് പ്രസിഡണ്ട് | 01/04/2018-30/06/2018 |
| 2.റൈഹാനത്ത് ബഷീർ | | 01/07/2018-26/07/2018 പ്രസിഡണ്ടിന് ചാർജ് 27/07/2018 - 31/03/2019 |
| റഷീന സുബൈർ | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2018-31/03/2019 |
| അബ്ബാസ് പുന്നോളി | വിദ്യാഭ്യാസ സ്റ്റാന്റിംഗ്<br>കമ്മിറ്റി ചെയർമാൻ | 01/04/2018-31/03/2019 |
| 1.കെ എം ഫൈസൽ | പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2018-27/01/2019 |
| 2.റഹിയാനത്ത് മുഹമ്മദ് | | 28/01/2019-08/03/2019 (പൂർവാഹ്നം വരെ) |
| 3.ബിന | | 08/03/2019(അപരാഹ്നം |

| | | |
|---|---|---|
| ജേക്കബ് | | മുതൽ) -31/03/2019 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| 1.ഷാജി എസ് | സെക്രട്ടറി | 01/04/2018-27/06/2018 |
| 2.ഉസ്മാൻ വി | | 28/06/2018-31/03/2019 |
| ലതിക എം ബി | അസി.സെക്രട്ടറി | 01/04/2018-31/03/2019 |
| 1.മുഹമ്മദ് ഷഫീഖ് | കൃഷി ഓഫീസർ | 01/04/2018-25/06/2018 |
| 2.പൌലോസ് ടി പി | | 26/06/2018-01/09/2018 |
| 3.അജിൽ എം എസ് | | 02/09/2018-02/11/2018 |
| 4.ഉഷാകുമാരി എം | | 03/11/2018-11/02/2019 |
| 5.അനഘ ഇ വി | | 12/02/2019 -31/03/2019 |
| ഡോ.രാഘവൻ കെ എസ് | വെറ്ററിനറി സർജൻ | 01/04/2018-31/03/2019 |
| ലൃമാ ബായ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01/04/2018-31/03/2019 |
| 1.ഡോ.സോജ രാജ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01/04/2018-10/06/2018 |
| 2.ഡോ.രേഷ്മ ഇ | | 11/06/2018-06/02/2019 |
| 3. ഡോ. സോജ രാജ് | | 07/02/2019-31/03/2019 |
| ഡോ.രമ്യ എ ജി | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01/04/2018-31/03/2019 |
| ഡോ.പ്രവീൺ ടി ജോസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01/04/2018-31/03/2019 |

| | | |
|---|---|---|
| ഷേർളി തോമസ് | ഹെഡ് മാസ്റ്റർ | 01/04/2018-31/03/2019 |
| 1.സുരേഷ് കെ എസ് | | 01/04/2018-26/06/2018 |
| 2.പ്രശാന്ത് എൻ എസ് | അസി.എഞ്ചിനീയർ | 27/06/2018-15/08/2018 |
| 3.ബാബു സി കെ | | 16/08/2018-28/02/2019 |
| 4.മേഴ്സി കെ എ | | 01/03/2019-31/03/2019 |
| റഹീം ഫൈസൽ കെ | വി.ഇ.ഒ | 01/04/2018-31/03/2019 |
| 1.റെജി എൻ.ജെ | | 01/04/2018-30/06/2018 |
| 2.സലീഷ് എസ് | ടി ഇ ഒ | 01/07/2018-05/02/2019 |
| 3.ഷീജ പി ജെ | | 06/02/2019-31/03/2019 |

## ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബഡ്ജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5(എ) | പദ്ധതിഅവലോകനം |
| 6 | 1-5(ബി) | പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ . |
| 7 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-7 | ക്ഷേമ പദ്ധതികൾ |
| 9 | 1-8 | ക്യാഷ് പരിശോധന |
| 10 | 1-9 | ആഭ്യന്തരനിയന്ത്രണസംവിധാനം |
| 11 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം ടത്തിയതിന്റെ വിവരം |
| 12 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |

| | | |
|---|---|---|
| 13 | 1-12 | ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| 14 | 1-13 | വാടകകാരിൽ നിന്ന് വാടക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന്കാലതാമസം |
| 15 | 1-14 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. |
| 16 | 1-15 | സ്ഥാപനങ്ങൾ സമയപരിധികക്കം ലൈസൻസ് പുതുക്കുന്നില്ല. |
| 17 | 1-16 | തൊഴിൽ നികുതി- അപാകതകൾ |
| 18 | 1-17 | ഹൈപ്പർസിറ്റി ഷോപ്പിംഗ് മാളിൽ അനധികൃത നിർമ്മാണം |
| 19 | 1-18 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിചരണ പദ്ധതി- അപാകങ്ങൾ |
| 20 | 1-19 | ലൈഫ് ഭവന പദ്ധതി -എസ്റ്റിമേറ്റിൽ 15% ലാഭ വിഹിതം ഉൾപ്പെടുത്തി തുക അനുവദിച്ചു |
| 21 | 1-20 | 70,000 രൂപയുടെ ഡി.ഡി നാളിതുവരെ വിതരണം ചെയ്യാതെ സൂക്ഷിക്കുന്നു. |
| 22 | 1-21 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- പ്രവർത്തന പുരോഗതി അഭിനന്ദനാർഹം |
| 23 | 1-22 | A.B.C.പ്രോജക്ട് -തുക ഡെപ്പോസിറ്റ് ചെയ്തു-പദ്ധതി നടപ്പാക്കിയിട്ടില്ല. |
| 24 | 1-23 | ജൂബിലി ഭവന പദ്ധതി-സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും പലിശ അടച്ചു – വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല |
| 25 | 1-24 | തെരുവു വിളക്ക് സ്ഥാപിച്ച വിവരം പൂർണ്ണമായി ഹാജരാക്കിയിട്ടില്ല |
| 26 | 1-25 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. |
| 27 | 1-26 | ടെണ്ടർ കുറവ് വരുത്താത്തതിനാൽ അധികം |

| | | |
|---|---|---|
| | | തുക നൽകി-<br>നഷ്ടം- 21412/- രൂപ |
| 28 | 1-27 | എ.പി.ജെ നഗർ പട്ടികജാതി വനിതാ തൊഴിൽ പരിശീലനകേന്ദ്രം നിർമ്മിക്കൽ-തൊഴിൽ പരിശീലനകേന്ദ്രം-പ്രവർത്തനക്ഷമമാക്കിയിട്ടില്ല. |
| 29 | 1-28 | ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയിട്ടില്ല. |
| 30 | 1-29 | മാതൃശിശുസൌഹൃദകേന്ദ്രം - ആസൂത്രണമില്ലാതെ കെട്ടിടം നിർമ്മിച്ചു-പ്രവർത്തനക്ഷമമായിട്ടില്ല. |
| 31 | 1-30 | ഓണിവയൽ കുടിവെള്ളപദ്ധതി -പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. |
| 32 | 1-31 | നഞ്ചകൃഷി വ്യാപനത്തിനുള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല. |
| 33 | 1-32 | പൊതു മരാമത്ത് പ്രവൃത്തി-പൊതു അപാകതകൾ |
| 34 | 1-33 | കണിയാമ്പറ്റ പട്ടികവർഗ്ഗയുവതീയുവാക്കൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം -ലക്ഷ്യം കൈവരിച്ചില്ല. |
| 35 | 1-34 | കനാൽ പ്രദേശം വനിതാ തൊഴിൽ പരിശീലനകേന്ദ്രം-3വർഷം മുൻപ് വാങ്ങിയ ഉപകരണങ്ങൾ നശിക്കുന്നു. |
| 36 | 1-35 | തെരുവ് ടാപ്പ് – അധികം തുക വെള്ളക്കരമായി അടയ്ക്കുന്നു. |
| 37 | 3-1 | ടെണ്ടർ കുറവ് വരുത്താത്തതിനാൽ അധികം തുക നൽകി-നഷ്ടം- 21412/- രൂപ |
| 38 | 3-2 | കനാൽ പ്രദേശം വനിതാ തൊഴിൽ പരിശീലനകേന്ദ്രം-3വർഷം മുൻപ് വാങ്ങിയ ഉപകരണങ്ങൾ നശിക്കുന്നു. |
| 39 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം |

| | | |
|---|---|---|
| | | നൽകിയതിന്റെ വിവരം |
| 40 | 4-2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 41 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 42 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 43 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 44 | 4-6 | സ്ഥിര നിക്ഷേപം |
| 45 | 4-7 | ഓഡിറ്റ് റിക്കവറി |
| 46 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 47 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 48 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 49 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 50 | അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 51 | അനുബന്ധം2 | ന്യൂനതകളുടെ സംഗ്രഹം |
| 52 | അനുബന്ധം3 | വാർഷിക കണക്ക് സംക്ഷിപ്തം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബഡ്ജറ്റ്

27/03/2018 തീയതിയിലെ 01/2018. തീരുമാനപ്രകാരം അംഗീകരിച്ച. പരിഷ്കരിച്ച ബജറ്റ് 21/02/2019 തീയതിയിലെ 1/2019 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ ,പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം മേഖലാതല ഫണ്ട് വിഭജന വിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല. സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം

നൽകിയതായോ അപ്രകാരം നികുതി/നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 27/01/2018/തീരുമാനം നമ്പർ 48/17-18 ലെ യോഗത്തിൽ നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും വിവരങ്ങൾ 30.01.2018 തീയതിക്കകം സമർപ്പിക്കാൻ ആവശ്യപ്പെട്ട് കത്ത് നൽകുകയും നിർവ്വഹണ ഉദ്യോഗസ്ഥർ ബഡ്ജറ്റ് പ്രൊപ്പോസൽ നൽകുകയും ചെയ്തിട്ടുണ്ട്. ഘടകസ്ഥാപനമേധാവികളുടെ യോഗം വിളിച്ചതായി കാണുന്നില്ല.സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 25/05/2018 | ------------ | ---------------- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,39,04,369 |
| | |

| | |
|---|---|
| വരവ് | 15,48,90,179 |
| ആകെ | 17,87,94,548 |
| ചെലവ് | 15,92,96,425 |
| നീക്കിയിരിപ്പ് | 1,94,98,123 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി/ ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) (ACRപ്രകാരം) | 0 | 21453675 | 21453675 | 19571002 | 1882673 |
| വികസന ഫണ്ട് (എസ്.സി.പി) (ACRപ്രകാരം) | 0 | 1965000 | 1965000 | 1871105 | 93895 |
| വികസന ഫണ്ട് (ടി.എസ്.പി) (ACRപ്രകാരം) | 0 | 14577000 | 14577000 | 12573755 | 2003245 |
| മെയിന്റനൻസ് (റോഡ്) (ACRപ്രകാരം) | 0 | 7204000 | 7204000 | 6850364 | 353636 |
| മെയിന്റനൻസ് (റോഡിതരം) (ACRപ്രകാരം) | 0 | 4338000 | 4338000 | 3677098 | 660902 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 9959000 | 9959000 | 6693510 | 3265490 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് (ACRപ്രകാരം) | | | | | |
| തനത് ഫണ്ട് GPF (AFSപ്രകാരം) | 7324053 | 12033524 | 19357577 | 11096945 | 8260632 |

# 1-5 എ പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 270948928 | 179 | 124058098 | ഇല്ല | 45 | 79.10 |

# 1-5 ബി പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ .

പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ജി.ഒ.(എം.എസ്) 11/2018.ത.സ്വ.ഭ.വ 29.01.18

പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതി രൂപീകരിച്ച് ഫോറം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത ഫോറം നം 2 ലും തയ്യാറാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ പദ്ധതിരൂപീകരണ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2018-19 വർഷത്തേക്കുള്ള പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ ആദ്യയോഗം ചേർന്നത് 06.01.18 ന് മാത്രമാണ്.ഈ യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല.ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.
2. രണ്ടാമത്തെ യോഗം 07.03.18ന് ചേർന്നതായി മിനുട്സുകളിൽ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങളോ, യോഗനടപടികളോ എഴുതി പൂർത്തീകരിച്ചിട്ടില്ല. 15.3.18 ന് വികസന സെമിനാർ നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പങ്കെടുത്തവരുടെ ഒപ്പുകൾ അല്ലാതെ മറ്റ് യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.2018-19 ലെ വർഷത്തെ പദ്ധതിനടത്തിപ്പ് മോണിട്ടർ നടത്തിയിട്ടില്ല.
3. വിവിധ വിഭവസമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക, തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കും ഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ, സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ, അതനുസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.
4. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല . നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല..
5. പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ

ചെയ്യാത്ത പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും.

6. പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതിരൂപീകരണം നടത്തിയതിനും പദ്ധതികൾ നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 207799 | 1874641 | 2082440 | 1874475 | 207965 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 26450804 | 26450804 | 26450804 | Nil |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 72,62,300 | 580 |
| വിധവ പെൻഷൻ | 1,84,70,200 | 1512 |
| വികലാംഗ പെൻഷൻ | 45,09,400 | 372 |
| തൊഴിലില്ലായ്മ വേതനം | 90,480 | 62 |
| വാർദ്ധക്യ കാല പെൻഷൻ | 2,01,00,000 | 1808 |
| 50 വയസ്സിനു മുകളിൽ | 2,34,300 | 17 |

| | | |
|---|---|---|
| പ്രായമുള്ള അവിവാഹിതരുടെ പെൻഷൻ | | |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 270000 | 9 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/02/2020 സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57163/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

# 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഉദ്യോഗസ്ഥരുടെ ജോലി പുരോഗതി, പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തനം പ്രത്യേകിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ കാര്യമായി വിലയിരുത്തപ്പെടുന്നില്ല. ജീവനക്കാരുടെ ജോലി വിഭജനം സംബന്ധിച്ച് സമഗ്രമായ ഓഫീസ് ഉത്തരവ് തയ്യാറാക്കിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ രജിസ്റ്ററുകളുടെയും അക്കൌണ്ടുകളുടെയും സൂക്ഷിപ്പ് കുറേക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. വാർഷികകണക്ക് പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ ഇതുവരെയും പരിഹരിച്ചിട്ടില്ല. സെക്ഷനുകൾ തൻപതിവേട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചുമതലകൾ നിർവഹിക്കുന്നതിലും പോരായ്മകൾ വന്നിട്ടുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശികയിനത്തിൽ തുക

പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ടെങ്കിലും അവ പിരിച്ചെടുക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചെലവുകൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്ന് പരിശോധന നടത്തിയിട്ടില്ല.

സ്കൂളുകളും അങ്കണവാടികളും സന്ദർശിച്ച് ഭൌതികസാഹചര്യങ്ങൾ വിലയിരുത്തിയതായോ ,പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചതായോ കാണുന്നില്ല.ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും അവരുടെ മേഖലയിലുള്ള പദ്ധതിനടത്തിപ്പും മറ്റ് പ്രവർത്തനങ്ങളും അവലോകനം ചെയ്തതായി കാണുന്നില്ല.എസ്.എസ്.എ ക്ക് നൽകിയ തുക വിനിയോഗിച്ച് ഏതൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് മോണിട്ടർ ചെയ്യുന്നില്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുകയോ, പിരിക്കുന്ന തുകയുടെ കണക്കുകൾ പരിശോധന നടത്തുകയോ ചെയ്യുന്നില്ല. മറ്റ് നിർവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച് കണക്കുകൾ ശേഖരിക്കുകയോ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം ഓഡിറ്റ് മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15/11/2019 | 2019 ഒക്ടോബർ വരെ | 17/01/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/12/2015 | 2010-11 മുതൽ 2014-15 വരെ | 29/01/2016 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് പരിഹരിക്കുവാൻ അവശേഷിക്കുന്ന പരാമർശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചയത്തിന്റെ അധീനതയിൽ നിലവിൽ 2 ഷോപ്പിംഗ് കോംപ്ലക്സുകളിലായി 10 റൂമുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നിർദ്ദേശിക്കുന്ന രീതിയിൽ ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 5/18-19 തീയ്യതി 25/02//2020) സെക്രട്ടറി നൽകിയ മറുപടി പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ നിലവിലുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. നിലവിൽ ബൈലോ ഗ്രാമപഞ്ചായത്തിലുണ്ടെങ്കിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ബൈലോ പുതുക്കി ഉപയോഗ ക്ഷമമാക്കി അറിയിക്കേണ്ടതാണ്.

# 1-13 വാടകകാരിൽ നിന്ന് വാടക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് കാലതാമസം നേരിടുന്നു.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കമ്പളക്കാട് ബസ് സ്റ്റാന്റിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കം ബസ് വെയറ്റിംഗിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിലെ മുറികൾ താഴെ പറയും പ്രകാരം വാടകയ്ക്ക് നൽകിയിട്ടുണ്ട് .

| ക്രമ നമ്പർ | വാടകയ്ക്ക് എടുത്ത സ്ഥാപനം | മുറി നമ്പർ | കരാർ പത്രം നമ്പർ/ തീയതി |
|---|---|---|---|
| 1 | മാവേലി സ്റ്റോർ | KGP 12/1111,KGP 12/1112 | സപ്ലൈകോ,- 18093 /9/01/2016 |
| 2 | കേരള ഇലക്ട്രിസിറ്റി | KGP12/1110-B, KGP 12/1113, KGP | 4870/ 18/06/2015 |

| | | | |
|---|---|---|---|
| | സെക്ഷൻ ഓഫീസ് ,കമ്പളക്കാട്. | 12/1114,<br><br>KGP 12/1113-A,കൂടാതെ 10 മീറ്റർ വീതിയിലും 20 മീറ്റർ നീളത്തിലുമുള്ളതും കമ്പി വലയിൽ വേർതിരിച്ച് സജ്ജീകരിച്ച<br><br>2182 സ്വകയർഫീറ്റ് സ്ഥലവും | |
| 3 | പോസ്റ്റ് ഓഫീസ് | KGP 12/1110-A | ഭരണസമിതി തീരുമാന പ്രകാരം വാടകയില്ല. |

മേൽ പറയും പ്രകാരം 1,2 ക്രമ നമ്പറിലെ സ്ഥാപനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടക ഈടാക്കി മുറികൾ വാടകയ്ക്ക് നൽകുന്നതിന് കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23/05/2015 ലെ തീരുമാനം നമ്പർ 68/2015(3) പ്രകാരം തീരുമാനിച്ചിരുന്നു.9/01/2016ലെ 18093 നമ്പർ കരാർ പത്ര പ്രകാരം അസി.മാനേജർ സപ്ലൈകോ, കൽപ്പറ്റ എന്ന സ്ഥാപനവും, 18/06/2015 ലെ 4870 നമ്പർ കരാർ പത്ര പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ കൽപ്പറ്റയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ചമച്ചിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പ് 2018-19 വർഷം വരെ വാടക നിർണയിച്ച് നൽകാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് വാടക ലഭ്യമായിട്ടില്ല. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2019-20 വർഷത്തിൽ വാടക നിർണയിച്ച് കമ്പളക്കാട് മാവേലി സ്റ്റോറിന് റെന്റ് സർട്ടിഫിക്കറ്റ് നൽകിയതായി ഫയലിൽ നിന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

1998 -ലെ കേരള പഞ്ചായത്ത് രാജ് (കരാറുകാർക്ക് പാട്ടക്കാർക്കും കിഴിവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളിൽ നിന്നോ പാട്ടക്കാരിൽ നിന്നോ ഈടാക്കേണ്ടുന്ന റവന്യൂ വരുമാനം കരാർ വ്യവസ്ഥകകൾ പാലിച്ചുകൊണ്ട് ഈടാക്കേണ്ടതാണ്. സെക്രട്ടറി വാടകക്കാരുമായി ചമച്ച കരാറിൽ മേൽ കെട്ടിട മുറികൾക്ക് പൊതുമരാമത്ത് അധികൃതരിൽ നിന്നും വാടക നിശ്ചയിച്ച് അറിയിപ്പ്

ലഭിക്കുന്ന മുറയ്ക്ക് ആയത് കുടിശ്ശിക സഹിതം പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ഗ്രാമപഞ്ചായത്തിൽ ഈയിനത്തിൽ വരവ് സ്വീകരിക്കുന്നതിനായി വാർഷികകണക്കിൽ പ്രൊവിഷൻ രേഖപ്പെടുത്തിയതായും കാണുന്നില്ല. വാടക ഈടാക്കുന്നതിന് ഉണ്ടായ കാലതാമസത്തിന്റെ വിവരങ്ങളും,വാടക സ്വീകരിക്കുന്നതിന് പ്രൊവിഷൻ രേഖപ്പെടുത്താത്തതിന്റെ കാരണവും ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന് ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/18-19 തീയ്യതി 25/02//2020) സെക്രട്ടറി നൽകിയ മറുപടി പ്രകാരം പി.ഡബ്യൂ.ഡി നിരക്കിൽ വാടക നിശ്ചയിച്ച് കിട്ടാൻ കാലതാമസം നേരിട്ടതിനാലാണ് വാടക ഈടാക്കാൻ താമസം നേരിട്ടത് എന്നും, 2020 ഫെബ്രുവരി മാസം വാടക നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്നും ആയത് കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഷോപ്പിംഗ് കോംപ്ലക്സിലെ മുഴുവൻ മുറികളുടെയും വാടക സമയബന്ധിതമായി കുടിശ്ശികയടക്കം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടം (ഡി ആന്റ് ഒ. ട്രേഡ് ആന്റ് ഫാക്ടറീസ് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരവും 31/10/2017 ലെ ജി.ഒ.(പി) നം. 80/2017 ത.സ.ഭ.വ. ഉത്തരവ് പ്രകാരവും സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

2017-2018 വർഷത്തിൽ ലൈസൻസ് എടുത്ത 806 സ്ഥാപനങ്ങളിൽ 42 സ്ഥാപനങ്ങൾ 2018-19 വർഷം ലൈസൻസ് എടുത്തതിട്ടില്ല. 42 സ്ഥാപനങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന്റെ യോ, പ്രവർത്തനം അവസാനിപ്പിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല. സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും,ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് എതിരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ

വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി (സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി) അറിയിക്കേണ്ടതാണ്.

# 1-15 സ്ഥാപനങ്ങൾ സമയപരിധിക്കകം ലൈസൻസ് പുതുക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ/ സർവ്വീസ് വില്ല/ഫാമുകൾ തുടങ്ങി 764 സ്ഥാപനങ്ങളാണ് 2018-19 ൽ ലൈസൻസ് എടുക്കുന്നതിനും/പുതുക്കുന്നതിനും അപേക്ഷ നൽകിയിട്ടുള്ളത്. ഇതിൽ 463 സ്ഥാപനങ്ങൾ മാത്രമാണ് സമയപരിധിക്കകം ലൈസൻസ് പുതുക്കിയിട്ടുള്ളത്. 301 സ്ഥാപനങ്ങൾ സമയപരിധി കഴിഞ്ഞതിന് ശേഷമാണ് ലൈസൻസിനായുള്ള അപേക്ഷ നൽകിയിട്ടുള്ളത്.

1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരവും 31/10/2017ലെ ജി.ഒ.(പി) നം.80/2017/ത സ്വ ഭ വ ഉത്തരവ് പ്രകാരമുള്ള (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകൽ) പട്ടികയിൽ ഭേദഗതി ചട്ടത്തിലെ ചട്ടം 10A പ്രകാരവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുൻപായി 30 ദിവസത്തിനുള്ളിൽ പട്ടികയിൽ പറയുന്ന ഫീസ് ഉൾപ്പെടെ സ്വയം സാക്ഷ്യപത്രം സഹിതം സമർപ്പിക്കുന്ന പക്ഷം സെക്രട്ടറി പുതുക്കി നൽകേണ്ടതാണ്.

കമ്പളക്കാട് ടൗണിൽ മൽസ്യ-മാംസ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ പ്രകാരം ലൈസൻസ് എടുത്തതിന് രേഖകകൾ ഇല്ല. മേൽ സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല. എന്നാൽ 2019-20 വർഷത്തിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്.

സമയബന്ധിതമായി ലൈസൻസ് പുതുക്കേണ്ടതും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ നിയമ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതിലേയ്ക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 തൊഴിൽ നികുതി- അപാകതകൾ

1996 ലെ കേരള പഞ്ചായത്തീരാജ് (തൊഴിൽനികുതി) ചട്ടങ്ങൾ ചട്ടം 3 ലെ ഒന്നാം ഉപചട്ടത്തിൽ പറയും പ്രകാരം കമ്പനികളുടേയും വ്യക്തികളുടേയും അർദ്ധവാർഷിക വരുമാനം കണക്കാക്കി പട്ടികയിലെ രണ്ടാം കോളപ്രകാരം തരം തിരിക്കേണ്ടതും അങ്ങനെയുള്ളവരിൽ നിന്നും ഓരോ അർദ്ധവർഷത്തേക്കും ഈടാക്കേണ്ട പരമാവധി തൊഴിൽനികുതി മൂന്നാം കോളത്തിൽ പറയും പ്രകാരം ആയിരിക്കേണ്ടതുമാണ്. എന്നാൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഇൗടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപനങ്ങളുടെ/ ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | പൊതുവിതരണ കേന്ദ്രങ്ങൾ<br>9 എണ്ണം | 1.പുളുർ<br>2.കരണി<br>3.വരദൂർ<br>4.കുടോത്തുമ്മൽ<br>5.മില്ല് മുക്ക്<br>6.കണിയാമ്പറ്റ<br>7.പള്ളിമുക്ക്<br>8.കമ്പളക്കാട്<br>9.മുളപറമ്പ് | ജീവനക്കാരിൽ നിന്ന് ഈടാക്കിയിട്ടില്ല. |
| 2 | പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർമാർ | 12 പേർ<br>സെക്ഷനിൽ നിന്ന് ലഭ്യമായ വിവരങ്ങൾ | ജീവനക്കാരിൽ നിന്ന് ഈടാക്കിയിട്ടില്ല. |
| 3. | അക്ഷയ സെന്റർ | കണിയാമ്പറ്റ,കമ്പളക്കാട്, വരദൂർ | ജീവനക്കാരിൽ നിന്ന് ഈടാക്കിയിട്ടില്ല. |
| സ്ഥാപന തൊഴിൽനികുതി | | | |
| 4 | മിൽക്ക് സൊസൈറ്റി പള്ളിക്കുന്ന് | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. | |
| 5 | സാന്ദ്ര ഫിനാൻസ് | സ്ഥാപന തൊഴിൽ നികുതി 450/-രൂപ വീതം അടവാക്കിയിട്ടുണ്ട് | |

| | | |
|---|---|---|
| | കമ്പളക്കാട് | എന്നാൽ ടേൺ ഓവർ വിവരം ലഭ്യമല്ല. |
| 6 | എസ്. ജെ ഫിനാൻസ് കമ്പളക്കാട് | സ്ഥാപന തൊഴിൽ നികുതി 450/-രൂപ വീതം അടവാക്കിയിട്ടുണ്ട് എന്നാൽ ടേൺ ഓവർ വിവരം ലഭ്യമല്ല. |

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും,സ്ഥാപനങ്ങളിൽ നിന്നും 2018-19 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ ഈടാക്കാതിരുന്ന തൊഴിൽനികുതിയും കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പിൽ പറഞ്ഞിരിക്കുന്ന അധികാര വ്യവസ്ഥകൾ പ്രകാരം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വരുമാനത്തിനനുസൃതമായി തൊഴിൽനികുതി ഈടാക്കി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ തൊഴിലുടമകളിൽ നിന്നും കേരള പഞ്ചായത്തീരാജ് നിയമം 257 (1) -)o വകുപ്പ് ആറാം പട്ടികയിൽ വ്യവസ്ഥപ്പെടുത്തിയ പ്രകാരം പിഴ ഈടാക്കേണ്ടതും കേരള പഞ്ചായത്തീരാജ് നിയമം 205ബി വകുപ്പ് പ്രകാരം നോട്ടീസ് നൽകി, സെക്രട്ടറി പഞ്ചായത്ത് പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരിൽ നിന്നും അവരുടെ വരുമാനമനുസരിച്ച് തൊഴിൽനികുതി ഈടാക്കാതിരുന്നതിനുള്ള കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ്. (എൻക്വയറി 10/27/02/2020 പ്രകാരം നൽകി)

# 1-17 ഹൈപ്പർസിറ്റി ഷോപ്പിംഗ് മാളിൽ അനധികൃത നിർമ്മാണം

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള കമ്പളക്കാട് ഹൈപ്പർസിറ്റി ഷോപ്പിംഗ് മാളിൽ അനധികൃതനിർമ്മാണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബിൽഡിംഗ് പെർമിറ്റ് നമ്പർ | A3-BA (119165)/2018/05/12/2017 |
| ഉടമസ്ഥർ | 1.ഇബ്രാഹിം പടിഞ്ഞാറയിൽ ഹൗസ്<br>2.ഹാരീസ് ഈന്തൻഹൗസ്<br>3.അബു പള്ളിയാൽ<br>4.ഹസ്സൻ പാറക്കാടൻ |
| കംപ്ലീഷൻ പ്രകാരമുള്ള തറവിസ്തീർണ്ണം | തറ നിരപ്പ് - 562.59+3.98ച.മീറ്റർ<br>ഒന്നാം നില - 605.31 ച.മീറ്റർ |

| | |
|---|---|
| | രണ്ടാം നില - 605.31 ച.മീറ്റർ<br>സ്റ്റെയർ റൂം - 43.96 ച.മീറ്റർ<br>1821.15 ച.മീറ്റർ |
| കെട്ടിടത്തിന്റെ തരം | വാണിജ്യം |

നിലവിൽ മേൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ഹാജരാക്കി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ 28/02/2020 ൽ നടത്തിയ സ്ഥലപരിശോധനയിൽ രണ്ടാം നില ഡോർമെറ്ററിയായി കണക്കാക്കി വസ്തു നികുതി നിർണ്ണയിച്ച സ്ഥലത്ത് ഭാഗങ്ങളായി തിരിച്ച് നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നുണ്ട്. കൂടാതെ മേൽ കെട്ടിടത്തിൽ ഡ്രൈവ് വേയ്ക്കായി പ്ലാനിൽ കാണിച്ചിരിക്കുന്ന ഭാഗത്ത് 19.5 ച.മീറ്ററിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ട്.

ആയതിനാൽ പൂർത്തികരണ പ്ലാൻ നൽകിയതിനുശേഷം അനധികൃതനിർമ്മാണം നടത്തുന്നതിനെതിരെ സെക്രട്ടറി 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 20 ലെ ഉപചട്ടങ്ങളിൽ പറയും പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

നിലവിൽ പാർക്കിംഗ് സ്ഥലത്തേയക്കുള്ള ഡ്രൈവ് വേ ആയി ഉപയോഗിക്കുന്നത് സ്വകാര്യ റോഡ് ആണ് . ഓരോ നിലയിലും കെട്ടിട നിർമ്മാണ പ്ലാനിൽ ആവശ്യത്തിനുള്ള ടോയ് ലെറ്റുകൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല. റെഗുലറൈസ്ഡ് കംപ്ലീഷൻ പ്ലാൻ പ്രകാരമാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് അനധികൃതനിർമ്മാണത്തിനുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. (എൻക്വയറി നം. 23/29/02/2020 പ്രകാരം നൽകി) നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി അനധികൃത നിർമ്മാണത്തിനെതിരെ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-18 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിചരണ പദ്ധതി- അപാകങ്ങൾ

പഞ്ചായത്തിന്റെ പരിധിയിലുള്ള ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, കുട്ടികൾക്കും

രക്ഷിതാക്കൾക്കുള്ള ലഘുഭക്ഷണം, യാത്രാചെലവ്, തെറാപ്പിസ്റ്റിന്റെ ഹോണറേറിയം, ഉപകരണങ്ങൾ വാങ്ങൽ എന്നിവയയ്ക്കുള്ള ചെലവ് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | S-41/19 |
| പ്രോജക്ടിന്റെ പേര് | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിചരണ പദ്ധതി |
| അടങ്കൽ | 3,10,000/- രൂപ |
| ഫണ്ട് | വികസന ഫണ്ട് ജനറൽ |
| ചെലവ് തുക | 3,00,200/- രൂപ |
| ബിൽ നം/തിയ്യതി | 1/18-19/15.08.2018 - 18,400/-<br>13/18-19/23.03.2019 - 2,52,200/-<br>14/18-19/26.03.2019 - 29,600/- |

3,00,200/- രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ ഇപ്രകാരമാണ്.

| | |
|---|---|
| ഹോണറേറിയം | 56,000/- രൂപ |
| യാത്രാബത്ത, ലഘുഭക്ഷണം | 2,44,200/- രൂപ |

സ.ഉ(കൈ) 22/18/ത.സ്വ.ഭ.വ തിയ്യതി 14.02.2018 ഖണ്ഡിക 7.1.10 പ്രകാരം വൈകല്യമുള്ള കുട്ടികൾക്ക് തെറാപ്പി നടത്തുന്നതിനുള്ള സൗകര്യം ,കുട്ടികൾക്കുള്ള റിഫ്രഷ്മെന്റ് സൗകര്യം എന്നിവ ഒരുക്കാവുന്നതാണ്. യാത്രാബത്ത ചെലവുകൾ നൽകാവുന്നതല്ല. ഖണ്ഡിക 7.1.6 പ്രകാരം മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള ധനസഹായം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതിൽ സ്കൂളിൽ പോകുന്ന കുട്ടികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ്, വാർഷിക ബത്ത എന്നിവയ്ക്ക് നിരക്ക് നൽകിയിട്ടുണ്ട്. മാത്രമല്ല, മാനസിക വെല്ലുവിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ മുതലായവ നേരിടുന്ന സ്കൂളിൽ പോകാത്ത കുട്ടികൾക്ക് പ്രതിമാസം 10,00/- രൂപ നിരക്കിൽ ബത്ത നൽകാവുന്നതാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ ഏത് തദ്ദേശ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരനാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള സഹായം അനുവദിക്കുന്നതിന് പ്രോജക്ട് നടപ്പാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

തെറാപ്പി ചെയ്യുന്നതിനായി വരുന്ന ഒരു കുട്ടിക്ക് റിഫ്രഷ്മെന്റ് ചാർജ്ജ്, യാത്രാബത്ത എന്നീയിനത്തിൽ 4,700/- രൂപയാണ് അനുവദിച്ചത്. ഈ തുക ട്രഷറിയിൽ നിന്നും ബിൽ പ്രകാരം പിൻവലിച്ച് തെറാപ്പിസ്റ്റിന്റെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ തുക ഗുണഭോക്താക്കൾക്ക് ക്യാഷായി വിതരണം ചെയ്തതിന്റെ അക്വിറ്റൻസ് സൂക്ഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ധനസഹായ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്.

മേൽ വിഷയങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി മറുപടിയിൽ ഇത് വളരെ അത്യാവശ്യമായതും ഉപകാര പ്രദമായ പദ്ധതിയാണെന്നും തുക ക്യാഷായി മാറി നൽകിയത് അറിവില്ലായ്മ മൂലമാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. (എൻക്വയറി നം. 19/28.02.2020 പ്രകാരം നൽകി)

# 1-19 ലൈഫ് ഭവന പദ്ധതി - എസ്റ്റിമേറ്റിൽ 15% ലാഭ വിഹിതം ഉൾപ്പെടുത്തി തുക അനുവദിച്ചു

മുൻ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ളതും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ ഭവന പദ്ധതികളുടെ പൂർത്തീകരണത്തിനായി ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി 2018-19 ൽ തുക ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭവന പൂർത്തീകരണത്തിന് ഓരോ ഭവനത്തിനും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗഡുക്കളായി തുക

അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയർ, ഓവർസീയർ എന്നിവരാണ് എസ്റ്റിമേറ്റ്, വാല്വേഷൻ എന്നിവ തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റുകളിൽ കരാറുകാർക്ക് നൽകുന്ന 15% ലാഭ വിഹിതം ഉൾപ്പെടെ കണക്കാക്കി തുക അനുവദിച്ചത് വഴി സർക്കാരിന് അധിക ചെലവ് വന്നിട്ടുണ്ട്. ഓഡിറ്റ് വർഷം പൂർത്തീകരിച്ചതും വാല്വേഷൻ ലഭിച്ചതുമായ ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റുകളിൽ 15% ലാഭ വിഹിതം കൂടി ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള തുക( 15% ലാഭ വിഹിതം ഉൾപ്പടെ) | എസ്റ്റിമേറ്റ് നിരക്കിലുള്ള മൂല്യ നിർണ്ണയം/ (അനുവദിച്ച തുക) | ലാഭ വിഹിതം ഉൾപ്പെടാതെ നൽകാവുന്ന മൂല്യ നിർണ്ണയം | വ്യത്യാസം | എസ്റ്റിമേറ്റ്/ വാല്വേഷൻ തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ വിവരം |
|---|---|---|---|---|---|---|
| 1 | ഭാസ്കരൻ ചെക്കിട്ടാട്ട് | 4,20,000 | 4,19,800 | 3,65,043 | 54,757 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 2 | മണി വസന്ത<br>താഴെ കാവടം | 4,30,000 | 4,28,000 | 3,72,174 | 55,826 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 3 | ദേവകി വേലായുധൻ<br>മണ്ഡകമൂല | 4,10,000 | 4,08,941 | 3,55,600 | 53,341 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 4 | കൊച്ചിക വെളുക്കൻ<br>വള്ളിപ്പറ്റ | 1,70,000 | 1,69,500 | 1,47,391 | 22,109 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 5 | വെളുക്കൻ കൊഴിഞ്ഞങ്ങാട് | 6,15,000 | 6,14,800 | 5,34,608 | 80,192 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 6 | മുറിച്ചി വള്ളിപ്പറ്റ | 1,46,000 | 1,46,000 | 1,26,956 | 19,044 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 7 | കൊളുമ്പി വള്ളിപ്പറ്റ | 1,69,200 | 1,69,200 | 1,47,130 | 22,070 | ശ്രീ. ഹർഷൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 8 | ചണ്ണ ചോമാടി കോളനി | 1,59,800 | 1,59,800 | 1,38,956 | 20,844 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 9 | രഘു പഴംചോറ്റിൽ | 1,36,207 | 1,36,000 | 1,18,260 | 17,740 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 10 | പ്രേമ കുമാരി<br>പള്ളിയറ കോളനി | 3,40,000 | 3,39,800 | 2,95,478 | 44,322 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 11 | ചന്ദ്രൻ വള്ളിപ്പറ്റ കോളനി | 2,50,000 | 2,50,000 | 2,17,391 | 32,609 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 12 | കെമ്പി ആനക്കുഴി | 1,60,000 | 1,59,792 | 1,38,949 | 20,843 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 13 | സുബ്രഹ്മണ്യൻ കല്ലുവയൽ | 2,15,000 | 2,15,000 | 1,86,956 | 28,044 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| 14 | ചീര കല്ലുവയൽ | 1,98,000 | 1,98,000 | 1,72,174 | 25,826 | ശ്രീ. ഹർഷൽ<br>അക്രഡിറ്റഡ് എഞ്ചിനീയർ<br>NREGA |
| | ആകെ | | | | 4,97,567 | |

പട്ടിക വർഗ്ഗ ഭവനങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കോൺട്രാക്ടറുടെ ലാഭ വിഹിതം ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല എന്ന നിർദ്ദേശം പഞ്ചായത്ത് തല കർമ്മ സമിതി ടി.പി.ടി.എ/ എഞ്ചിനീയർ എന്നിവർക്ക് കൈമാറിയതിന്റെ രേഖകൾ ഇല്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച മാതൃക എസ്റ്റിമേറ്റ് അനുസരിച്ചാണ് ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം തുക വിതരണം ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി എസ്റ്റിമേറ്റ്/വാല്യേഷൻ എന്നിവ തയ്യാറാക്കി നൽകിയതിനാലാണ് നിർവ്വഹണ ഉദ്യോഗസ്ഥന് തുക ഗുണഭോക്താക്കൾക്ക് കൈമാറേണ്ടി വന്നിട്ടുള്ളത്. (എൻക്വയറി നം. 20/28.02.2020 പ്രകാരം നൽകി)

# 1-20 70,000 രൂപയുടെ ഡി.ഡി നാളിതുവരെ വിതരണം ചെയ്യാതെ സൂക്ഷിക്കുന്നു.

2015 വർഷത്തിൽ വിതരണം ചെയ്യുന്നതിന് എടുത്ത 5 ഡി.ഡി.കൾ നാളിതുവരെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഡി.ഡി.നം/തിയ്യതി | തുക |
|---|---|---|
| 1 | 251445/23.03.2015 | 10,000 |
| 2 | 252704/09.04.2015 | 15,000 |
| 3 | 252571/09.04.2015 | 15,000 |
| 4 | 252575/09.04.2015 | 15,000 |
| 5 | 664673/20.01.2015 | 15,000 |
| | ആകെ | 70,000 |

കേരള ഗ്രാമീൺ ബാങ്ക് കണിയാമ്പറ്റ ശാഖയിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ട് നം.40148100111592 ൽ തുക നാളിതുവരെ റീക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ തുകകൾ ഏതൊക്കെ പദ്ധതിക്കായി പിൻവലിച്ച തുകയാണെന്നുള്ള വിവരം ഇല്ല. മേൽ ഡി.ഡി കൾ ക്യാൻസൽ ചെയ്ത് അക്കൗണ്ടിലേക്ക് വരവ് വെച്ചതിന് ശേഷം തുക പിൻവലിച്ച് സഞ്ചിത

നിധിയിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി നം. 20/28.02.2020 പ്രകാരം നൽകി)

# 1-21 ലൈഫ് ഭവന നിർമ്മാണ പദ്ധതി- പ്രവർത്തന പുരോഗതി അഭിനന്ദനാർഹം

അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവന രഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൾ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ്) നടപ്പിലാക്കുന്നത്. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ, എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ ലൈഫ് മിഷൻ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയാണ് നടപ്പാക്കിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ ഭവനം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും ജനറൽ വിഭാഗത്തിലെ ഭവന പൂർത്തീകരണ പദ്ധതി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ് നടപ്പിലാക്കിയിട്ടുള്ളത്. രണ്ടാം ഘട്ടം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ് നടപ്പിലാക്കിയിട്ടുള്ളത് ഭവന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തുകയും അവ കൃത്യമായി മോണിറ്റർ ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിവിധ ഘട്ടങ്ങളിലെ പൂർത്തീകരണ പുരോഗതി വിവരം താഴെ കൊടുക്കുന്നു.

| ഭവന പൂർത്തീകരണം | വിഭാഗം | എഗ്രിമെന്റ് വെച്ചതിന്റെ എണ്ണം | പൂർത്തീകരിച്ചത് | പൂർത്തീകരണ ശതമാനം |
|---|---|---|---|---|
| ഒന്നാം ഘട്ടം | ജനറൽ | 26 | 26 | 100 |
| | പട്ടിക വർഗ്ഗ വിഭാഗം | 14 | 14 | 100 |
| രണ്ടാം ഘട്ടം | ജനറൽ | 210 | 174 | 83 |
| | പട്ടിക | | | |

| | | | | |
|---|---|---|---|---|
| | ജാതി | 08 | 07 | 88 |
| | പട്ടിക വർഗ്ഗം | 47 | 41 | 87 |

2016-17 വർഷങ്ങളിൽ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങുകയും ലൈഫ് പദ്ധതിയിൽ ഈ സ്ഥലത്ത് കോളനി മാതൃകയിൽ ഭവനങ്ങൾ നിർമ്മിച്ച് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിലെ അഞ്ച് കോളനികളിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

## 1.ചക്കിട്ടാട്ട് പണിയ കോളനി


















ആകെ 8 വീടുകൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി. കോളനി നിവാസികൾക്ക് കുടിവെള്ള സൗകര്യം കൂടി തുടർ വർഷങ്ങളിൽ ഏർപ്പെടുത്തേണ്ടതുണ്ട്.

## 2. കാവടം പണിയ കോളനി




## 3. ചിറ്റാലൂർക്കുന്ന് പണിയ കോളനി




## 4. കല്ലഞ്ചിറ കോളനി



എല്ലാ വീടുകളിലും ശുചിമുറി, പുകയില്ലാത്ത അടുപ്പ്, വൈദ്യുതീകരണം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോളനികളിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിലും പൂർത്തീകരിക്കുന്നതിലും മികച്ച സേവനം കാഴ്ച്ചവെച്ചിട്ടുണ്ട്. പദ്ധതികൾ മോണിട്ടർ ചെയ്യുന്നതിൽ ഭരണ സമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും അതീവ ശ്രദ്ധ ചെലുത്തിയിന്റെ ഫലമാണ് ഈ ഭവനങ്ങളിൽ കാണാനാവുന്നത്. മികച്ച രീതിയിലുള്ള ഭവന നിർമ്മാണം പൂർത്തീകരിച്ചതിൽ ഗ്രാമപഞ്ചായത്ത് അഭിനന്ദനമർഹിക്കുന്നു.

# 1-22 A.B.C.പ്രോജക്ട് -തുക ഡെപ്പോസിറ്റ് ചെയ്തു-പദ്ധതി നടപ്പാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം തെരുവുനായ നിയന്ത്രണത്തിനുള്ള A.B.C.പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടി 50000 രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

പ്രോജക്ട് നമ്പർ-38/19

പ്രോജക്ടിൻെറ പേര് -A.B.C പ്രോജക്ട്.

നിർവഹണോദ്യോഗസ്ഥൻ – വെറ്റിനറി സർജൻ

ചെലവഴിച്ച തുക – ₹50000

ചെക്ക് നമ്പർ 025492/03.04.19 – ₹50000(Own Fund)

തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ എഗ്രിമെന്റ് വെച്ചിട്ടില്ല.ഓഡിറ്റ് എൻക്വയറി.നം. 11 /18-19തീയതി 28.02.2020പ്രകാരം വിവരം ശ്രദ്ധയിൽപ്പെട്ടതിന് നൽകിയ മറുപടിയിൽ വിവരങ്ങൾ ലഭിക്കുന്നതിന് കുടുംബശ്രീമിഷന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത്പരിധിയിൽ ഈ തുക വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ, ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്. 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-23 ജൂബിലി ഭവന പദ്ധതി-സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും പലിശ അടച്ചു.വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല.

2014-15 വർഷം ആരംഭിച്ച ജൂബിലി ഭവന പദ്ധതി ലോൺ തിരിച്ചടക്കുന്നതിനായി തൻവർഷം 30,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ലോൺ തിരിച്ചടച്ചതിൽ അപാകങ്ങൾ വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ-3 /19

ട്രഷറി ബിൽ നമ്പർ/തീയതി- 9/2018-19/31.7.2018

ചെലവഴിച്ച തുക – ₹ 30,50,000 /- (വികസന ഫണ്ട്)

നിർവഹണം -സെക്രട്ടറി.

പഞ്ചായത്തിലെ ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് വയനാട് ജില്ലാ സഹകരണബാങ്കിൽ നിന്ന് ലോൺ എടുക്കുന്നതിന് സർക്കാർ അനുവാദം ലഭ്യമാകുകയും 2 കോടി രൂപ ലോൺ എടുക്കുകയും ചെയ്തു. നാളിതുവരെ തിരിച്ചടച്ചത് 1,93,88,569/- രൂപയാണ്. മുതൽ വികസനഫണ്ടിൽ നിന്നും പലിശ തനതുഫണ്ടിൽ നിന്നും അടക്കണമെന്നാണ് വായ്പ എടുക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ-83/13 ത.സ്വ.ഭ.വ തീയതി.11.03.2013- പ്രകാരം നിഷ്കർഷിച്ചിരുന്നത്. എന്നാൽ വികസനഫണ്ടിൽ നിന്നും അടച്ച തുക പലിശയിനത്തിലേക്ക് ക്രമീകരിച്ചിട്ടുണ്ട്. അടച്ച തുക പലിശയിലേക്ക് ക്രമീകരിച്ചതിനാൽ മുതലിനത്തിൽ തുക കൂടുതൽ അവശേഷിക്കുന്നു. ആയതിനാൽ പലിശയിനത്തിൽ പഞ്ചായത്തിന് നഷ്ടം വരുന്നുണ്ട്. ബാങ്ക് ഈടാക്കിയ പലിശ കൃത്യമാണോ എന്ന് പഞ്ചായത്ത് പരിശോധിക്കുന്നുമില്ല. നാളിതു വരെ വികസനഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും മുതൽ ഇനത്തിലും പലിശ ഇനത്തിലും എത്ര തുക അടച്ചു എന്ന് അറിയിക്കേണ്ടതാണ്. 7/18-19/27.02.2020 പ്രകാരം എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. വികസന ഫണ്ടിൽ നിന്നും പലിശയിനത്തിൽ ഒടുക്കിയ തുക എത്രയാണെന്ന് കണ്ടെത്തി പ്രസ്തുത ഫണ്ടിൽ തിരികെ ഒടുക്കി അറിയിക്കേണ്ടതാണ്.

# 1-24 തെരുവു വിളക്ക് സ്ഥാപിച്ച വിവരം പൂർണ്ണമായി ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ-82/19( തെരുവു വിളക്ക് വാങ്ങൽ)

ട്രഷറി ബിൽ നമ്പർ/തീയതി-52/18-19 /23.3.19

ചെലവഴിച്ച തുക – ₹489491/-(വികസന ഫണ്ട്)

നിർവഹണം -സെക്രട്ടറി.

തെരുവു വിളക്ക് വിതരണം ചെയ്ത സ്ഥാപനം - അമ്മിണി എനർജി സിസ്റ്റംസ്, തിരുവനന്തപുരം

ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലേക്കായി 415 എൽ ഇ ഡി വിളക്കുകൾ വാങ്ങി. വിളക്കുകൾ ഏതൊക്കെ വാർഡുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്ന പൂർണ്ണ റിപ്പോർട്ട് പരിശോധനക്കായി ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. കൂടാതെ 415 എൽ ഇ ഡി വിളക്കുകൾ ഉൾപ്പടെ

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള എല്ലാ വിളക്കുകൾ ചേർത്ത് തെരുവ് വിളക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 6/18-19/27/02/2020 പ്രകാരം എൻക്വയറി നൽകി) മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക 4,89,491/- തടസ്സപ്പെടുത്തുന്നു.

# 1-25 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം., / ബിൽ നം തീയതി |
|---|---|---|---|
| 1 | മഴക്കാല പൂർവ്വ ശുചീകരണം<br>(ആരോഗ്യ ജാഗ്രതാ പ്രവർത്തനം)<br>നിർവ്വഹണം -മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം , വരദൂർ | 124045<br>തനത് ഫണ്ട് | 21800061/ 19.04.2018 |
| 2 | പ്രോജക്ട് നം 1/2019<br>സർവ്വ ശിക്ഷാ അഭിയാൻ(ജനറൽ) വിഹിതം<br>പ്രോജക്ട് ഓഫീസർ സർവ്വ ശിക്ഷാ അഭിയാൻ<br>നിർവ്വഹണം സെക്രട്ടറി | 10,00,000<br>വികസന ഫണ്ട് | ബിൽ നം<br>6/18-19/18.7.18 |
| 3 | പ്രോജക്ട് നം 11/2019<br>സർവ്വ ശിക്ഷാ അഭിയാൻ(ടിഎസ് പി) | 5,00,000<br>ടി എസ് പി | ബിൽ നം<br>1/18-19/31.7.18 |

| | | | |
|---|---|---|---|
| | വിഹിതം<br>പ്രോജക്ട് ഓഫീസർ സർവ്വ ശിക്ഷാ അഭിയാൻ<br>നിർവ്വഹണം അസി.സെക്രട്ടറി | | |
| 4 | പ്രോജക്ട് നം 20/2019<br>സർവ്വ ശിക്ഷാ അഭിയാൻ(എസ് സിപി) വിഹിതം<br>പ്രോജക്ട് ഓഫീസർ സർവ്വ ശിക്ഷാ അഭിയാൻ<br>നിർവ്വഹണം – സെക്രട്ടറി | 45000<br>എസ് സി പി | ബിൽ നം<br>2/18-19/31.7.18 |
| 5 | പ്രോജക്ട് നം 217/19<br>കോട്ടോക്കാരൻ കോളനി കുടിവെള്ള പദ്ധതി<br>കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി<br>ഡിവിഷൻ , എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി<br>നിർവ്വഹണം – സെക്രട്ടറി | 4,00,000<br>ടി എസ് പി | ബിൽ നം<br>8/18-19/31.7.18 |
| 6 | പ്രോജക്ട് നം 172/19<br>വള്ളിപ്പറ്റ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി<br>ഡിവിഷൻ , എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി<br>നിർവ്വഹണം - സെക്രട്ടറി | 140,000/-<br>ടി എസ് പി | ബിൽ നം<br>44/18-19/23.3.19 |
| 7 | പ്രോജക്ട് നം 247/19 | 60,000/- | ബിൽ നം |

| | | | |
|---|---|---|---|
| | ചെറുവാടി വേളാങ്കണ്ണിപ്പടി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി<br>ഡിവിഷൻ , എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി നിർവ്വഹണം സെക്രട്ടറി | ജനറൽ | 48/18-19/23.3.19 |
| 8 | പ്രോജക്ട് നം 273/19<br>പച്ചിലക്കാട് കുളംചിറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി<br>ഡിവിഷൻ , എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി നിർവ്വഹണം സെക്രട്ടറി | 50,000/-<br>ജനറൽ | ബിൽ നം<br>45/18-19/23.3.19 |
| 9 | പ്രോജക്ട് നം 23/19<br>പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കൽ<br>കെ എസ് ഇ ബി കണിയാമ്പറ്റ സെക്ഷൻ<br>അസി. എഞ്ചിനീയർക്ക് നൽകി നിർവ്വഹണം സെക്രട്ടറി | 619040/-<br>സിഎഫ്സി | ബിൽ നം<br>10/18-19/31.7.18 |
| 10 | പ്രോജക്ട് നം 171/19<br>പഞ്ചായത്തിലെ വിവിധ പട്ടിക വർഗ്ഗ കോളനികളിൽ സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കൽ | 4,19,136/-<br>ടി എസ് പി | 37/18-19/19.3.19 |

| | | | |
|---|---|---|---|
| | കെ എസ് ഇ ബി കണിയാമ്പറ്റ സെക്ഷൻ<br>അസി. എഞ്ചിനീയർക്ക് നൽകി നിർവ്വഹണം സെക്രട്ടറി | | |
| | ആകെ | | 33,57,221/- |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. (എൻക്വയറി 8/18-19/17.02.2020 പ്രകാരം നൽകി) വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ ചെലവഴിച്ച തുക 33,57,221/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 ടെണ്ടർ കുറവ് വരുത്താത്തതിനാൽ അധികം തുക നൽകി-നഷ്ടം- 21,412/- രൂപ

നെല്ലിയമ്പം കോളനി ഡ്രയിനേജ് നവീകരണം പ്രവർത്തിയ്ക്ക് ബിൽ തുക അനുവദിച്ചപ്പോൾ കരാറുകാരൻ ക്വോട്ട് ചെയ്ത ടെണ്ടർ കുറവ് വരുത്താത്തതിനാൽ 21,412/- രൂപ നഷ്ടം വന്നിട്ടുണ്ട്.വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക

## 1-27 എ.പി.ജെ നഗർ പട്ടികജാതി വനിതാ തൊഴിൽ പരിശീലനകേന്ദ്രം നിർമ്മിക്കൽ--പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

2017-18 വർഷം നിർമ്മാണം ആരംഭിച്ച എ.പി.ജെ.നഗർ പട്ടികജാതിവനിതാ തൊഴിൽ പരിശീലനകേന്ദ്രം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം തൊഴിൽ പരിശീലനകേന്ദ്രത്തിന് വേണ്ടി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

1. പ്രോജക്റ്റ് നമ്പർ- 309/18

പ്രോജക്റ്റ് – എ.പി.ജെ.നഗർ പട്ടികജാതി വനിതാതൊഴിൽ പരിശീലനകേന്ദ്രം നിർമ്മിക്കൽ

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 2570911/-( SCP-578911/-,Block share – 70,000/-,സംസ്ഥാനാവിഷ്കൃതം-1292000)

കരാറുകാരൻ -എ.ഷമീർ
എഗ്രിമെൻറ് നമ്പർ – AE/KBTA/71/2017-18/5.2.2018

വൌച്ചർ നമ്പർ-94/17-18/28.03.18-₹9,29,089/-

വൌച്ചർ നമ്പർ-111/18-19/23.03.19-₹2,50,000/-

വൌച്ചർ നമ്പർ-112/18-19/23.03.19- ₹4,50,000/-
ആകെ 16,29,089/-

ഓഡിറ്റിനോടനുബന്ധിച്ച് 26.02.2020 ന് നടത്തിയ സ്ഥലപരിശോധനയിൽ നിലവിലും കെട്ടിടം പണി തീർന്നതായി കണ്ടില്ല. എസ്റ്റിമേറ്റ് പ്രകാരം കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിനുള്ള എല്ലായിനങ്ങളും ഉൾപ്പെടുത്തിയിരുന്നില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഫ്ലോറിംഗ്, വാതിൽ, ജനൽ, പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ, പെയിൻറിംഗ് മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ ഇനിയും പൂർത്തീകരിക്കുവാനുണ്ട്. കൂടാതെ ഇവിടെ നടത്തേണ്ട പരിശീലനം സംബന്ധിച്ച് പ്രോജക്ട് തയ്യാറാക്കിയതായി കാണുന്നില്ല. പരിശീലനം സംബന്ധിച്ച് ആസൂത്രണം നടത്താതെ കെട്ടിടത്തിന് മാത്രമായാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 173 അഞ്ചാം പട്ടിക പ്രകാരം പട്ടികജാതി – പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്.ഓഡിറ്റ് എൻക്വയറി - 12/18-19/27.02.2020പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.കെട്ടിടം പൂർത്തീകരിക്കുന്നതിനും ലക്ഷ്യം കൈവരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷം ചെലവഴിച്ച 7 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ

ലഭിച്ചിട്ടില്ല. ടെണ്ടർ ഫോറം വില നിലവിൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് അടങ്കൽ | ടെണ്ടർ തീയതി | ബിഡുകളുടെ എണ്ണം, ഫോറം വില | ആകെ ലഭിക്കേണ്ട തുക | |
|---|---|---|---|---|---|
| | | | | ഫോറം വില | ജി.എസ്.ടി |
| 1 | താഴെ കരണി പാടിക്കരവയൽറോഡ് സൈഡ് കെട്ട് 6,00,000 | 09.10.18 | 1 1200 | 1200 | 216 |
| 2 | കൃഷിഭവൻ കെട്ടിടത്തിന് മുകളിൽ അധികസൌകര്യം ഏർപ്പെടുത്തൽ 13,50000 | 09.10.18 | 1 2700 | 2700 | 486 |
| 3 | കുന്നമ്മൽ 4 സെന്റ് കോളനി റോഡ് 6,90,000 | 09.10.18 | 2 1380 | 2760 | 498 |
| 4 | പഞ്ചായത്ത് ഓഫീസ് കെട്ടിടം പൂർത്തീകരണം 6,00,000 | 09.10.18 | 1 1200 | 1200 | 216 |
| 5 | നഞ്ചകൃഷി വ്യാപനപരിപാടി ഇലക്ട്രിക്കൽ പാർട്ട് 15,14,000 | 09.10.18 | 1 3028 | 3028 | 364 |
| 6 | നെല്ലിയമ്പം സ്കൂൾ ചുറ്റുമതിൽ നിർമ്മാണം 6,00,000 | 06.12.18 | 2 1200 | 2400 | 432 |
| 7 | കോളിപ്പറ്റ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം 5,00,000 | 06.12.18 | 2 1000 | 2000 | 360 |
| 8 | പരളമ്പം കോളനി നടപ്പാത നിർമ്മാണം 13,00,000 | 21.01.19 | 2 1300 | 2600 | 312 |

| | | | | | |
|---|---|---|---|---|---|
| 9 | മില്ലുമുക്ക് ചുണ്ടക്കര റോഡ് ഡ്രൈനേജ് പൂർത്തീകരണം | 21.01.19 | 2<br>1278 | 2556 | 314 |
| 8 | പൂളുർപൊങ്ങിണിത്തൊടി റോഡ്<br>15,00,000 | 21.01.19 | 3<br>3000 | 9000 | 1080 |
| | ആകെ | | | 29444 | 4278 |

ഓഡിറ്റ് എൻക്വയറി നം. 22 /2018-19/ 29.02.2020 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്കും ജി.എസ്.ടി സർക്കാരിലേക്കും അടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 മാതൃശിശുസൌഹൃദകേന്ദ്രം - ആസൂത്രണമില്ലാതെ കെട്ടിടം നിർമ്മിച്ചു- പ്രവർത്തനക്ഷമമായിട്ടില്ല.

കണിയാമ്പറ്റഗ്രാമപഞ്ചായത്ത് 2017-18 വർഷം നിർമ്മാണം ആരംഭിച്ച കമ്പളക്കാട് ബസ്റ്റാൻഡിലെ മാതൃശിശു സൌഹൃദകേന്ദ്രം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾപ്രകാരം മാതൃശിശു സൌഹൃദകേന്ദ്രത്തിന് വേണ്ടി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ- 316/18

പ്രോജക്ട്-കമ്പളക്കാട് ബസ്റ്റാൻഡിൽ മാതൃശിശു സൌഹൃദകേന്ദ്രം നിർമ്മിക്കൽ

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 10,00,000/-

ഫണ്ട്-വികസനഫണ്ട് ജനറൽ-6,00,000/- ,തനതുഫണ്ട്-4,00,000/-

കരാറുകാരൻ -അജി.ടി.എബ്രഹാം

വൌച്ചർ നമ്പർ -107/17-18/31.03.18-₹2,14,356/-

വൌച്ചർ നമ്പർ -33/18-19/13.11.18-₹3,85,644/-

വൌച്ചർ നമ്പർ -34/18-19/13.11.18-₹2,98,802/-

ആകെ 8,98,802/-

26.07.2020 ന് നടത്തിയ സ്ഥലപരിശോധനയിൽ കമ്പളക്കാട് ഷോപ്പിംഗ് കോംപ്ലക്സിനോടനുബന്ധിച്ച് ഒന്നാം നിലയിൽ രണ്ട് റൂമുകൾ ഈ പ്രോജക്ടിൽ പണിതിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ റൂമുകളിലേക്കുള്ള സ്റ്റെയർകേസുകൾ ഇപ്പോൾ പണി തുടങ്ങിയിട്ടേയുള്ളൂ. നിലവിലും ബസ്സ്റ്റാൻഡിൽ ബസുകൾ പ്രവേശിക്കുന്നില്ല. പണി തീർന്ന റൂമുകളിലേക്ക് പൊതുജനങ്ങൾക്ക് സുഗമമായി പ്രവേശിക്കാൻ കഴിയില്ല. റൂമുകൾ ഉപയോഗിക്കാൻ തുടങ്ങിയിട്ടില്ല. പ്രോജക്ടിന്റെ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഇത്തരത്തിൽ രണ്ട് റൂമുകൾ പണിതതിന്റെ ആവശ്യകത വ്യക്തമായിട്ടില്ല.ഓഡിറ്റ് എൻക്വയറി -13 /18-19/27.02.2020പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.കെട്ടിടം അടിയന്തിരമായി പൂർത്തിയാക്കി പദ്ധതിലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷം ചെലവഴിച്ച 6,84,446/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-30 ഓണിവയൽ കുടിവെള്ളപദ്ധതി -പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

ഓഡിറ്റ് വർഷം ഓണിവയൽ കുടിവെള്ളപദ്ധതിക്കുവേണ്ടി തുക ചെലവഴിച്ചുവെങ്കിലും പദ്ധതിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ- 228/18

പ്രോജക്ട്-ഓണിവയൽ കുടിവെള്ളപദ്ധതി-മോട്ടോർ &കിണർ പ്ലാറ്റ്ഫോം നിർമ്മാണം

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 66,000/-

ഫണ്ട്-തനതുഫണ്ട്-16000 ,വികസനഫണ്ട്-50,000/- രൂപ

26.02.2020 ന് നടത്തിയ സ്ഥപരിശോധനയിൽ ഒരു വലിയ കിണർ മോട്ടോർ പുര എന്നിവ മുൻപ് നിർമ്മിച്ചതാണെന്ന് ബോദ്ധ്യപ്പെട്ടു. നിലവിൽ കിണറിന് നെറ്റ്

സ്ഥാപിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 5 HP മോട്ടോർ സ്ഥാപിക്കുന്നതിനും പമ്പ്ഹൌസ് വൈദ്യുതീകരണത്തിനും തുക ചെലവഴിച്ചിട്ടുണ്ട്.

വൌച്ചർ നമ്പർ -04/19/02.04.18-13381

വൌച്ചർ നമ്പർ -77/17-18/24.03.18-50,000/-

ആകെ 63,381

കുടിവെള്ള പദ്ധതി ഏത് വർഷം ഉള്ളതാണെന്നോ ,മുൻപ് ഉണ്ടായിരുന്ന മോട്ടോർ എന്തു ചെയ്തുവെന്നോ ഉള്ള വിവരങ്ങൾ വ്യക്തമല്ല.ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങളും ഇല്ല.പദ്ധതിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകളും ഫയലിൽ ഇല്ല.സ്ഥലപരിശോധനയിൽ ബോർഡ് സ്ഥാപിച്ചതായി കണ്ടില്ല.കിണറിലെ ജലം മലിനമായ അവസ്ഥയിലാണ്. ഓഡിറ്റ് എൻക്വയറി -17/18-19/27.02.2020 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. പദ്ധതിയുടെ ഉടമസ്ഥാവകാശം ,ഗുണഭോക്താക്കളുടെ വിവരങ്ങൾ,ഗുണഭോക്തൃകമ്മിറ്റിരേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 63,381/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-31 നഞ്ചകൃഷി വ്യാപനത്തിനുള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചില്ല.

2017-18 വർഷം ആരംഭിച്ച നഞ്ചകൃഷി വ്യാപനപരിപാടി ഇനിയും ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രോജക്ട് പ്രകാരം ഈ പദ്ധതിയിൽ 5 ചെറുകിടജലസേചനപദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത്. ചോയിക്കൊല്ലി, കാവടം, പൊങ്ങിണിത്തൊടി തരിവാരം, കൊല്ലിവയൽ മാണിക്കോത്ത്, അരിവാരം – കരിങ്കുളം എന്നീ ചെറുകിട ജലസേചന പദ്ധതികൾക്ക് പമ്പ് ഹൌസ്, വൈദ്യുതീകരണം പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നത് വഴി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. സ്ഥലം വിട്ടുകിട്ടാത്തതിനാൽ നെല്ലിയമ്പം പമ്പ് ഹൌസ് പണിതിട്ടില്ല.

പ്രോജക്ട് നമ്പർ- 307/18

പ്രോജക്ട്-നഞ്ചകൃഷി വ്യാപനപരിപാടി

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 2948800

ഫണ്ട്-തനതുഫണ്ട്-5,00,000/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം -14,48,800/-, ജില്ലാപഞ്ചായത്ത്-10,00,000/-,

പ്രോജക്റ്റ് പ്രകാരം 5 പമ്പ് ഹൌസുകൾ നിർമ്മിക്കാൻ 648510 രൂപയും മോട്ടോറുകൾ സ്ഥാപിക്കുന്നതിന് 15,14,000 രൂപയും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 786290 രൂപയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പമ്പ് ഹൌസുകൾ നിർമ്മിക്കുന്നതിന് ടെണ്ടർ പ്രകാരം പ്രിയദർശിനി ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ആയത് പ്രകാരം

വൌച്ചർ നമ്പർ 2/19/02.04.18 -2,65,438/-

വൌച്ചർ നമ്പർ 109/19/23.03.19 -2,44,670/-

ആകെ 510108/- രൂപ

510108/- രൂപ ചെലവഴിച്ച 4 പമ്പ് ഹൗസുകൾ നിർമ്മിച്ചിട്ടുണ്ട്. വൌച്ചർ നമ്പർ 110/19/23.03.19 പ്രകാരം 1282674 രൂപ ചെലവഴിച്ച് നാല് പമ്പ്ഹൌസുകളിൽ മോട്ടോർ ,പാനൽ ബോർഡ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

എന്നാൽ നാളിതുവരെയും പമ്പ് ഹൌസുകളിൽ വൈദ്യുതി ലഭ്യമായിട്ടില്ല.ജലസേചനത്തിനാവശ്യമായ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടില്ല.പദ്ധതി നാളിതുവരെയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.മറ്റ് സൌകര്യങ്ങൾ ആക്കുന്നതിന് മുന്പ് മോട്ടോർ വാങ്ങി സ്ഥാപിച്ചത് മോട്ടോറിന്റെ വാറണ്ടി കാലയളവ് നഷ്ടപ്പെടുത്തുന്നതാണ്.

ഓഡിറ്റ് എൻക്വയറി -14 /18-19/27.02.2020 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് എക്സിറ്റ് മീറ്റിംഗിൽ ജനപ്രതിനിധികളുൾപ്പെടെ നൽകിയ മറുപടി ബാക്കി പ്രവൃത്തികൾ ഈ വർഷത്തെ പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും ഈ വർഷം പ്രവൃത്തി പൂർത്തീകരിക്കുമെന്നും അറിയിച്ചു. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനക്ഷമമാകാത്തതിനാൽ 5,10,108/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 പൊതുമരാമത്ത് പ്രവൃത്തി- പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച് പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.റോഡ് രജിസ്റ്റർ, കണക്കുവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നില്ല.

3) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ, ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.ചെയിനേജ് ഇല്ലാത്തതിനാൽ ഓരോ റോഡിലും എവിടെ പ്രവൃത്തി നടത്തിയെന്ന് കണ്ടെത്താനാകുന്നില്ല.

4)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. പദ്ധതിഫയലിൽ എല്ലാത്തിലും നോട്ട് ഫയൽ വെച്ചിട്ടില്ല.

5)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.കരാറുടമ്പടിയിലെ വിവരങ്ങൾ എഴുതി പൂർത്തീകരിച്ചിട്ടില്ല.

6)ടെണ്ടർ ഫോറത്തിൽ നിർവഹണോദ്യോഗസ്ഥൻ നിരക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

7).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

8) കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ ,മുൻപ് ഈ പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

9) റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

10)കരാർ വെച്ച പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്ത കരാറുകാരിൽനിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കികാണുന്നില്ല.

11)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ടസ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോന്നും രേഖപ്പെടുത്തി കാണുന്നില്ല.ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ പദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ

ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയവയിൽ ഭൂരിഭാഗവും.2018-19 പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ചേർന്ന 3 യോഗങ്ങളിൽ ഒരു യോഗത്തിന്റെ മിനുട്സ് മാത്രമാണ് എഴുതിയിട്ടുള്ളത്.മറ്റ് യോഗങ്ങളുടെ മിനുട്സുകൾ എഴുതിയിട്ടില്ല.പദ്ധതിനടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല.

12)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 196 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 125 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.

13).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.കൂടാതെ ഒരു റോഡോ ,ഒരു കെട്ടിടമോ പൂർണ്ണമായും ഉപകാരപ്രദമാകുന്ന രീതിയിൽ തുക വകയിരുത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നില്ല.ആയതിനാൽ ചെലവഴിച്ച തുകകൾ പ്രയോജനപ്രദമാകുന്നില്ല എന്ന് കാണുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

14) മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതിയിലും അസി.എഞ്ചിനീയർ നടപ്പാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളിലും റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.റോഡ് മാപ്പ് ഇല്ല.എവിടെയൊക്കെ പ്രവൃത്തികൾ നടപ്പാക്കിയെന്ന് വ്യക്തമല്ല

# 1-33 കണിയാമ്പറ്റ പട്ടികവർഗ്ഗയുവതീയുവാക്കൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം -ലക്ഷ്യം കൈവരിച്ചില്ല.

2015-16 വർഷം നിർമ്മാണം ആരംഭിച്ച കണിയാമ്പറ്റ പട്ടികവർഗ്ഗയുവതീയുവാക്കൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.ഗ്രൌണ്ട് ഫ്ലോർ മെറ്റീരിയൽ കളക്ഷൻ സെന്റർ ആയി പ്രവർത്തിക്കുന്നു.നിലവിൽ പാഴ്വസ്തുക്കൾ കൂട്ടിയിട്ടിരിക്കുന്നതിനാൽ കെട്ടിടത്തിൽ പ്രവേശിക്കാൻ പോലും കഴിയില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾപ്രകാരം തൊഴിൽ പരിശീലനകേന്ദ്രത്തിന് വേണ്ടി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

1. പ്രോജക്ട് നമ്പർ- 172/16

പ്രോജക്ട്-കണിയാമ്പറ്റ പട്ടികവർഗ്ഗയുവതീയുവാക്കൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം നിർമ്മിക്കൽ

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 800000

ഫണ്ട്-വികസനഫണ്ട് ടി.എസ്.പി

കരാറുകാരൻ -എ.ഷമീർ

വൌച്ചർ നമ്പർ -12/16-17/30.10.16-₹766220

2. പ്രോജക്ട് നമ്പർ- 262/18

പ്രോജക്ട്-കണിയാമ്പറ്റ പട്ടികവർഗ്ഗയുവതീയുവാക്കൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം -പൂർത്തീകരണം

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 690829

ഫണ്ട്-വികസനഫണ്ട് ടി.എസ്.പി-645829.തനതുഫണ്ട്-450000

കരാറുകാരൻ -ടി.വി.അബ്രഹാം

വൌച്ചർ നമ്പർ-12/17-18/30.08.17-₹690829

3. പ്രോജക്ട് നമ്പർ-158/18-19

പ്രോജക്ട്-കണിയാമ്പറ്റ പട്ടികവർഗ്ഗയുവതീയുവാക്കൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം -പൂർത്തീകരണം

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 300000

ഫണ്ട്-വികസനഫണ്ട് ടി.എസ്.പി

കരാറുകാരൻ -എൻ.അസീസ്

വൌച്ചർ നമ്പർ31/18-19/13.11.18--₹260613

2015-16 വർഷം പണി തുടങ്ങിയ ഈ കെട്ടിടം നാളിതുവരെയും പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാത്തത് ശരിയായ ആസൂത്രണത്തിന്റെ പോരായ്മയെ സൂചിപ്പിക്കുന്നു.എന്ത് തരം പരിശീലനം ആണ് നടത്തുന്നത് എന്ന് തീരുമാനമെടുക്കാതെയാണ് കെട്ടിടം നിർമ്മിച്ചത് എന്ന് കാണുന്നു. ആയതിനാൽ താഴെപ്പറയുന്ന രീതിയിൽ 21,004/- രൂപ അധികം നൽകി.

| നൽകാവുന്ന തുക | | നൽകിയ തുക |
|---|---|---|
| പ്രവൃത്തി മൂല്യം | 2,34,572 | |
| ടെണ്ടർ കുറവ് | 20,408 | 229880 |
| ബാക്കി | 2,14,164 | |
| എെ.റ്റി. | 2,141 | |
| സി.ഡബ്ല്യൂ.ഡബ്ല്യ.എഫ്. | 2,141 | |
| | 2,09,882 | |

അധികം നൽകിയ 19998/- രൂപ.
കൂടാതെ അധികം പിൻവലിച്ച തുക 1,006/- രൂപ
ആകെ 21,004/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഇൗടാക്കേണ്ടതാണ്.
ടി.എസ്.പി.ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗയുവതീയുവാക്കൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രത്തിന് വേണ്ടി പണിത കെട്ടിടം നിലവിൽ പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള കേന്ദ്രമായി മാറ്റിയത് ഫണ്ട് വക മാറ്റുന്നതിന് സമാനമാണ്.നിലവിൽ കെട്ടിടത്തിലേക്ക് പ്രവേശിക്കാൻ പോലും കഴിയാത്ത അവസ്ഥയാണുള്ളത്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 173 അഞ്ചാം പട്ടിക പ്രകാരം പട്ടികജാതി -പട്ടികവർഗ്ഗവിഭാഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്കെട്ടിടം അടിയന്തിരമായി പദ്ധതിലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 കനാൽ പ്രദേശം വനിതാ തൊഴിൽ

# പരിശീലനകേന്ദ്രം-3വർഷം മുൻപ് വാങ്ങിയ ഉപകരണങ്ങൾ നശിക്കുന്നു.

കനാൽപ്രദേശത്ത് കെട്ടിടവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയ വനിതാ തൊഴിൽ പരിശീലനകേന്ദ്രം നാളിതുവരെയും പ്രവർത്തന ക്ഷമമാക്കാത്തതിനാൽ 119575/- രൂപ നഷ്ടം വന്നു.വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

# 1-35 തെരുവ് ടാപ്പ് - അധികം തുക വെള്ളക്കരമായി അടക്കുന്നു

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ പ്രതിമാസം 196 ടാപ്പുകൾക്ക് പ്രതിമാസം 85750 രൂപ(ഒരു ടാപ്പിന് ഒരുവർഷം 5250 രൂപ) വീതം വെള്ളക്കരം അടച്ചുവരുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | വൗച്ചർനം/ തീയതി | മാസം | തുക |
|---|---|---|---|
| 1 | 21800056/19.4.18 | 4/2018 | 85750 രൂപ |
| 2 | 21800146/5.5.18 | 5/2018 | 85750 രൂപ |
| 3 | 21800240/20.6.18 | 6/2018 | 85750 രൂപ |
| 4 | 21800355/27.7.18 | 7/2018 | 85750 രൂപ |
| 5 | 21800481/31.8.18 | 8/2018 | 85750 രൂപ |
| 6 | 21800563/27.9.18 | 9/2018 | 85750 രൂപ |
| 7 | 21800662/24.10.18 | 10/2018 | 85750 രൂപ |
| 8 | 21800748/21.11.18 | 11/2018 | 85750 രൂപ |
| | | | |

| | | | |
|---|---|---|---|
| 9 | 21800880/27.12.18 | 12/2018 | 85750 രൂപ |
| 10 | 21801031/30.1.19 | 1/2019 | 85750 രൂപ |
| 11 | 21801098/14.2.19 | 2/2019 | 85750 രൂപ |
| 12 | 21801387/25.3.19 | 3/2019 | 85750 രൂപ |
| | ആകെ | | 104900 |

കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിലെ 196തെരുവുടാപ്പുകളിൽ 81 എണ്ണം പ്രവർത്തിക്കുന്നില്ല എന്ന് പഞ്ചായത്തും വാട്ടർഅതോറിറ്റിയും സംയുക്തമായി കണ്ടെത്തിയതാണ് (24/10/2019). ആവശ്യമില്ലാത്ത 81 ടാപ്പുകൾ ഒഴിവാക്കുന്ന പ്രവൃത്തികൾക്കായി 80,000/- രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ പ്രതിമാസം 81 ടാപ്പുകളുടെ വെള്ളക്കരം അധികം അടക്കേണ്ടിവരുന്നു. ആവശ്യമില്ലാത്ത 81 ടാപ്പുകൾ ഒഴിവാക്കുന്ന പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (എൻക്വയറി 24/18-19/19.02.20 പ്രകാരം നൽകി)

## <u>ഭാഗം -3</u>

# <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

# 3-1 ടെണ്ടർ കുറവ് വരുത്താത്തതിനാൽ അധികം തുക നൽകി-നഷ്ടം-21412/- രൂപ

കരാറുകാരൻ ക്വോട്ട് ചെയ്ത ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് തുക അനുവദിച്ചതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ - 207/18

പ്രോജക്ട്-നെല്ലിയമ്പം കോളനി ഡ്രയിനേജ് നവീകരണം

നിർവഹണം - അസി.എൻജിനീയർ
ഫണ്ട് – വികസന ഫണ്ട് (ടി.എസ്.പി.)

അടങ്കൽ - 2,50,000/- രൂപ

കരാറുകാരൻ - പി.പി.ജോയ്

എഗ്രിമെന്റ് നമ്പർ- AE/KBTA/08/17-18/07.10.17

വൌച്ചർ നമ്പർ-32/17-18/29.01.18 - ₹2,30,000/-

വൗച്ചർ നമ്പർ-06/18-19/ 02.04.18 - ₹ 5,578/-
ആകെ - 2,35,578/- രൂപ

പ്രവർത്തി 8.7 % ടെണ്ടർ കുറവിനാണ് കരാറുകാരൻ ഏറ്റെടുത്തത്.ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം- 2,34,572 രൂപ. ആദായനികുതി 1%,നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവ കുറച്ച് 2,29,880/- രൂപ കരാറുകാരന് നൽകി. 2,34,572/- രൂപ മൂല്യനിർണ്ണയം ഉള്ളപ്പോൾ രണ്ട് വൌച്ചറുകളിലായി പിൻവലിച്ചിരിക്കുന്നത് 2,35,578/- രൂപയാണ്. 1,006/- രൂപ അധികം പിൻവലിച്ചു. ടെണ്ടർ കുറവ് വരുത്താതെയാണ് തുക നൽകിയത്. മൂല്യനിർണ്ണയമായ 2,34,572/- രൂപയിൽനിന്ന് ആദായനികുതി, നിർമ്മാണ തൊഴിലാളിക്ഷേമനിധിവിഹിതം, ടെണ്ടർ കുറവ് (234572*8.7%)എന്നിവ കുറവ് വരുത്തിയാൽ നൽകാവുന്നത് 2,09,474 രൂപയാണ്. എന്നാൽ കരാറുകാരന് നൽകിയത് 2,29,880/- രൂപയാണ്. 20406 രൂപ കരാറുകാരന് അധികം നൽകി. മൂല്യനിർണ്ണയത്തെക്കാൾ അധികം പിൻവലിച്ച 1006 രൂപയും കരാറുകാരന് അധികം നൽകിയ 20,406/- രൂപയും ചേർത്ത് 21,412/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രത്യേകം പരിശീലനത്തിനുള്ള പദ്ധതി ആസൂത്രണം ചെയ്യാതെ കെട്ടിടം നിർമ്മിക്കുന്നതിന് മാത്രമായി പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതി ആസൂത്രണം ചെയ്തതിലെ പിഴവാണ് ഓഡിറ്റ് എൻക്വയറി - 03/18-19/18.02.2020വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് തിരക്കിനിടയിൽ സംഭവിച്ച അപാകതയാണ് എന്നും തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 കനാൽ പ്രദേശം വനിതാ തൊഴിൽ പരിശീലനകേന്ദ്രം-3വർഷം മുൻപ് വാങ്ങിയ ഉപകരണങ്ങൾ നശിക്കുന്നു.

2016-17 വർഷം നിർമ്മാണം ആരംഭിച്ച വനിതകൾക്കുള്ള തൊഴിൽ പരിശീലനകേന്ദ്രം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾപ്രകാരം തൊഴിൽ പരിശീലനകേന്ദ്രത്തിന് വേണ്ടി താഴെപ്പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്.

1. പ്രോജക്ട് നമ്പർ- 209/16-17

പ്രോജക്ട്-കനാൽ പ്രദേശം വനിതാതൊഴിൽ പരിശീലനകേന്ദ്രം നിർമ്മിക്കൽ

നിർവഹണം- അസി.എൻജിനീയർ

അടങ്കൽ- 4,80,000/-

കൺവീനർ-അറക്ക അലവി

ട്രഷറി ബിൽ നമ്പർ 74/30.03.17-4,26,168/-

2. പ്രോജക്ട് നമ്പർ- 56/17-18

പ്രോജക്ട് - കനാൽ പ്രദേശം വനിതാതൊഴിൽ പരിശീലനകേന്ദ്രം കെട്ടിടം പൂർത്തീകരണം

നിർവഹണം - അസി.എൻജിനീയർ

അടങ്കൽ - 4,00,000/-

കരാറുകാരൻ - ജഷീർ.പി.കെ

വൌച്ചർ നമ്പർ-97/18/28.03.18-334445

3. പ്രോജക്ട് നമ്പർ- 167/18-19

പ്രോജക്ട്-കനാൽ പ്രദേശം വനിതാതൊഴിൽ പരിശീലനകേന്ദ്രം തൊഴിൽ സംരംഭം

നിർവഹണം- അസി.എൻജിനീയർ

ഫണ്ട് – വികസന ഫണ്ട് – ജനറൽ

അടങ്കൽ- 190000

കരാറുകാരൻ - A.Shajahan

എഗ്രിമെന്റ് നമ്പർ- AE/KBTA/21/18-19/29.08.18

വൌച്ചർ നമ്പർ-85/18-19/ 20.03.19-₹161815

26.02.2020 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം നിർമ്മിച്ചതായി കണ്ടു.വൈദ്യുതി ലഭിച്ചിട്ടില്ല. 2016-17 വർഷം പരിശീലനകേന്ദ്രത്തിലേക്ക് സെക്രട്ടറി (ട്രഷറിബിൽ നമ്പർ 36/17-18/25.03.17 പ്രകാരം) 1,19,575/- രൂപ ചെലവഴിച്ച് ഫർണിച്ചറുകളും തയ്യൽമെഷീനുകളും വാങ്ങിയിട്ടുണ്ട്. ആയത് കെട്ടിടം പണിയുന്നതിന് 3 വർഷം മുൻപ് പരിശീലന കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങുകയാണ് അന്നത്തെ സെക്രട്ടറി ചെയ്തത്. നിലവിലും തയ്യൽ മെഷീനുകൾ കെട്ട് പോലും പൊട്ടിക്കാതെ വെച്ചതായി കണ്ടിട്ടുണ്ട്. മൂന്ന് വർഷം മുൻപ് വാങ്ങിയ മെഷീനുകൾ ഇനി ഉപയോഗക്ഷമമാവുകയില്ല. അതായത് പണി തീരാത്ത തൊഴിൽപരിശീലനകേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങിയത് മൂലം 1,19,575/- രൂപ പാഴാക്കുകയാണ് ചെയ്തത്. (2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6 കാണുക) ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവരെ 9,22,428/- രൂപ കെട്ടിടത്തിനും 1,19,575/- രൂപ സാധനങ്ങൾക്കുമായി ചെലവഴിച്ചിട്ടും പരിശീലന കേന്ദ്രം യാഥാർത്ഥ്യമായിട്ടില്ല. ഉപകരണങ്ങൾക്ക് വേണ്ടി ചെലവഴിച്ച 1,19,575/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ വർഷം കെട്ടിടത്തിന് വേണ്ടി ചെലവഴിച്ച 1,61,815/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് (എൻക്വയറി-16/18-19/27.02.2020) ക്ക് മറുപടി നൽകിയിട്ടില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച്

# സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 29.05.2019 മുതൽ 30.05.2019 വരെ. | കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി2-398/19/ 20/08/2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 7477734 | ലൈഫ് മിഷൻ ജനറൽ 99/19 | 7477734 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1176796 | ലൈഫ് മിഷൻ എസ്.സി 100/19 | 300000 | 876796 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2052750 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (ജനറൽ ) 52/19 | 2052750 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 470050 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (എസ്.ടി) | 470050 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 640000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 36/19 | 617526 | 22474 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4858784 | ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.ടി) | 4639365 | 219419 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3040000 | ലൈഫ് മിഷൻ ഭവന നിർമ്മാണം ( ജനറൽ ) | 3040000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 220000 | ലൈഫ് മിഷൻ ഭവന നിർമ്മാണം ( എസ്.സി ) | 160000 | 60000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3596000 | ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.ടി) | 3596000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 793500 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 793500 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (ജനറൽ ) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 159659 | നെൽകൃഷി കൂലി ചെലവ് സബ്സിഡി (ടി.എസ്.പി) | 159659 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 900000 | അംഗൺവാടി പോഷകാഹാരം (എസ്.ടി) | 900000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ഭിന്നശേഷിക്കുട്ടികൾക്ക് ഉപകരണങ്ങൾ | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ഭിന്നശേഷിക്കുട്ടികൾക്ക് സ് കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1499731 | 269 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 297952 | 2048 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | പാടിക്കര കോളനി പുനരുദ്ധാരണം | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ഉളളോടൻവയൽ റോഡ് കൾവർട്ട് | 225415 | 74585 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 250000 | കല്ലുവയൽ കോളനി ഡ്രൈനേജ് | 250000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2018-19 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വള്ളിപ്പറ്റ കോളനി കുടിവെള്ള കണക്ഷൻ | 21801512 | 140000 | 0 | 140000 |
| കേരള വാട്ടർ അതോറിറ്റി | ചെറുവടി വേളാങ്കണ്ണിപ്പടി | 21801513 | 60000 | 00 | 60000 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പൈപ്പ് ലൈൻ | | | | |
| കേരള വാട്ടർ അതോറിറ്റി | പച്ചിലക്കാട് കുളംചിറ<br>കുടിവെള്ള പൈപ്പ് ലൈൻ | 21801514 | 50000 | | 50000 |
| കേരള വാട്ടർ അതോറിറ്റി | കോട്ടേക്കാരൻ കുടിവെള്ള പദ്ധതി | 21801029 | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | കോട്ടേക്കാരൻ കുടിവെള്ള പദ്ധതി | 21801405 | 2684 | 0 | 2684 |
| കെ.എസ്.ഇ.ബി | സ്ട്രീററ് ലൈറ്റ് സ്ട്രീറ്റ് മെയിൻ സ്ഥാപ്പിക്കൽ | 21800938 | 619040 | 0 | 619040 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ | 21801436 | 419136 | 0 | 419136 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2018-19 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകകളൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജൂബിലി ഭവന പദ്ധതി | 1715/ഡി.ബി.1/ എൽ.എസ്.ജി.ഡി<br>തീയതി 29/01/2014 | 2,00,00,000 | 9731592 | 3050000 | -- | 7653689 |
| ലൈഫ് മിഷൻ സ്കീം | ----- | 38147510 | 0 | 0 | 0 | 38147510 |

- ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-23 കാണുക.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 35 | 2001-02 | 12(2)(i) | നെല്ലിയമ്പം ആയുർവേദ ആശുപത്രി കിണർ നിർമ്മാണം -പ്രസിഡണ്ടിന്റെ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ചു. | നിലനിൽക്കുന്നു. |
| 1997-98 | 42 | 2001-02 | 12(2)(ii) | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചത് പഞ്ചായത്തിന് നഷ്ടം | നിലനിൽക്കുന്നു. |
| 1997-98 | 49 | 2001-02 | 12(2)(iii) | പവ്വർ ടില്ലർ നന്നാക്കുന്നതിനുള്ള ചെലവ് -അനുവദനീയമല്ലാത്തത് | നിലനിൽക്കുന്നു. |
| 2007-08 | 2-8 | 2010-11 | 5.1.8 | കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാത്തതിനാൽ കാലഹരണപ്പെട്ടത് സംബന്ധിച്ച് | നിലനിൽക്കുന്നു. |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2.4 | 2016-17 | 2.2 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 154890179 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 159296425 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 140987/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6016462 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 21412/- | സുരേഷ് കെ.എസ്, അസിസ്റ്റ് എഞ്ചിനീയർ |
| 3-2 | --------- | 119575/- | പി.ഇബ്രാഹീം - സെക്രട്ടറി (റിട്ടേർഡ്) |

| | | | |
|---|---|---|---|
| ആകെ | | 1,40,987/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 50000 | ഡോ.രാഘവൻ കെ.എസ്,<br>വെറ്ററിനറി സർജൻ, |
| 1-24 | 489491 | ഉസ്മാൻ.വി.,<br>സെക്രട്ടറി |
| 1-25 | 3357221 | ഉസ്മാൻ.വി.,<br>സെക്രട്ടറി . |
| 1-27 | 700000 | മേഴ്സി.കെ.എ,<br>അസി.എഞ്ജിനീയർ. |
| 1-29 | 684446 | ബാബു.സി.കെ,<br>അസി.എഞ്ജിനീയർ. |
| 1-30 | 63381 | സുരേഷ്.കെ.എസ്.<br>അസി.എഞ്ചിനീയർ. |
| 1-31 | 510108 | 265438-സുരേഷ്.കെ.എസ്.<br>അസി.എഞ്ചിനീയർ.<br>244670-മേഴ്സി.കെ.എ,<br>അസി.എഞ്ജിനീയർ |
| 3-2 | 161815 | മേഴ്സി.കെ.എ,<br>അസി.എഞ്ജിനീയർ |
| ആകെ | 6016462 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുരേഷ് കെ.എസ്<br>,അസിസ്റ്റ് എഞ്ചിനീയർ | എൽ.എസ്.ജി.ഡി ഡിവിഷൻ<br>സുൽത്താൻ ബത്തേരി | കട്ടിപറമ്പിൽ ഹൗസ്<br>നൂൽപ്പുഴ പി.ഒ., വയനാട് |
| പി.ഇബ്രാഹിം<br>സെക്രട്ടറി (റിട്ടയേർഡ്) | റിട്ടയേർഡ് | പറമ്പൻ വീട്<br>കമ്പളക്കാട് പി.ഒ<br>കമ്പളക്കാട്,വയനാട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ് (ഡബ്ല്യ) പി3/533/98 തീയതി 17.6.2019 |
| 1997-98 | എൽ.എഫ്(ഡബ്ല്യ) പി3/320/01 തീയതി 17.06.2019 |
| 1998-99 | എൽ.എഫ്(ഡബ്ല്യ) പി3/22/02തീയതി 17.6.2019 |
| 1999-00 | എൽ.എഫ്(ഡബ്ല്യ) പി3/61/09 തീയതി 17.06.2019 |
| 2000-01 | എൽ.എഫ്(ഡബ്ല്യ) പി1/559/04 തീയതി 19.05.06 |
| 2000-01 പ്ലാൻ | എൽ.എഫ്(ഡബ്ല്യ) പി3/541/03 തീയതി 03.08.06 |
| 2001-02 | എൽ.എഫ്(ഡബ്ല്യ) പി1/214/06 തീയതി 03.10.06 |
| 2002-03 | എൽ.എഫ്(ഡബ്ല്യ) പി1/122/09 തീയതി 06.02.09 |
| 2003-04 | എൽ.എഫ്(ഡബ്ല്യ) പി7/403/07 തീയതി 17.06.2019 |
| 2004-05 | എൽ.എഫ്(ഡബ്ല്യ) പി1/12/09 തീയതി 17.06.2019 |
| 2005-06 | എൽ.എഫ്(ഡബ്ല്യ) പി1/32/09 തീയതി 17.06.2019 |
| | [illegible] |

| | |
|---|---|
| 2006-07 | എൽ.എഫ്(ഡബ്ല്യു) പി1/784/09 തീയതി 17.06.2019 |
| 2007-08 | എൽ.എഫ്(ഡബ്ല്യു) പി1/965/12 തീയതി 12.07.12 |
| 2008-09 | എൽ.എഫ്(ഡബ്ല്യു) പി1/221/15 തീയതി 10.06.15 |
| 2009-10 | എൽ.എഫ്(ഡബ്ല്യു) പി3/511/13 തീയതി 11.09.13 |
| 2010-11 | എൽ.എഫ്(ഡബ്ല്യു) പി2/320/15 തീയതി 10.06.15 |
| 2011-12 | കെ.എസ്.എ (ഡബ്ല്യു.വൈ.ഡി) പി2/409/15 തീയതി 25.08.15 |
| 2012-13 | കെ.എസ്.എ (ഡബ്യൂ.വൈ.ഡി) പി2-211/15 തീയതി 29.08.16 |
| 2013-14 | കെ.എസ്.എ (ഡബ്ല്യു.വൈ.ഡി)പി2-825/15തീയതി 13.11.17 |
| 2014-15 | കെ.എസ്.എ(ഡബ്ല്യു.വൈ.ഡി)പി2-459/16തീയതി 15.12.17 |
| 2015-16 | നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി ).പി2/12/17 തീയ്യതി 27.12.17 |
| 2016-17 | കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി.2/368/2017 തീയ്യതി 15/10/2017 |
| 2017-18 | കെ.എസ്.എ ഡബ്ല്യു.വൈ.ഡി. പി2-72/2019 14/06.2019 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി2-398/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 20/08/2019

Phone- 04936 203672

Email- dowyd.ksad@kerala.gov.in

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4 -ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻെറ പരിശോധിന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻെറ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്,

# <u>അനുബന്ധം-2</u> <u>ന്യൂനതകളുടെ സംഗ്രഹം</u>

1. അടിസ്ഥാന അനുപാത സ്റ്റേറ്റ്മെന്റുകൾ വാർഷിക കണക്കിൽ

ഉൾപ്പെടുത്തിയിട്ടില്ല.

2. തനത് ഫണ്ടിനായി മൂന്ന് ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്,

1) SBI 8323, 2) KGB 24654, 3) SCB 2103.ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കാൻ പാടുള്ളതല്ല.(സർക്കുലർ നം. 58725/എഫ്.എം3 2008/ തസഭവ/28/02/20111 കാണുക)

3. RP-40(b) പ്രകാരം നിലവിൽ പ്രവർത്തിക്കാത്ത 2 അക്കൗണ്ടുകൾ ഉണ്ട്.

1) KGB 40148101007994

2)WDCB 20002

ഉപയോഗത്തിലില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (ബി-8) -ൽ ഡെപ്പോസിറ്റ് വർക്ക് ഹെഡ്ഡിൽ 5,400/- രൂപയുണ്ട്. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (ബി-9) സ്റ്റേൽ ചെക്കിനത്തിൽ 5000/- രൂപയുണ്ട്. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

6. പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബില്ലായി 1875183/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (ബി-11(എ)) പ്രകാരം 15,22,988/- രൂപയാണ് ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി രേഖപ്പെടുത്തിയിട്ടുള്ളത്. 352195/- രൂപയുടെ വ്യത്യാസമുണ്ട്. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെ വർക്ക് ഷീറ്റ് സൂക്ഷിച്ചിട്ടില്ല. പാർട്ട് ബിൽ നൽകിയതിൻെറ രേഖകൾ പാലിക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. 2018-19- ൽ, ലൈഫ് മിഷൻ ലോൺ രജിസ്റ്ററിൽ (ഹഡ്കോ) ലോൺ അനുവദിച്ച ഉത്തരവ്, പലിശ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

8. ജൂബിലി ലോൺ രജിസ്റ്റർ പ്രകാരം, 2018-19 വർഷത്തിൽ പലിശയിനത്തിൽ 9,72,097/- രൂപ ഉണ്ട്. മേൽ തുകയുടെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കിൽ എവിടെയാണ് ഉൾപ്പെടുത്തിയതെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

9. ബാലൻസ് ഷീറ്റിൽ B7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റ് റിസിവേഴ്സ് മുൻവർഷത്തെ നീക്കിയിരിപ്പ് തൻ വർഷത്തെ വരവ് ചെലവുകൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. (ഡെപ്പോസിറ്റ് റിസീവ്ഡിൽ 594528 (B7 –

17-18 വർഷം ) + 433660 (RP 34 – 18-19 വർഷത്തെ വരവ് ) – 427249 (RP34 - 18-19 വർഷത്തെ ചെലവ് ) = 600939 ആണ് വരുന്നത്. എന്നാൽ, 18-19 വർഷത്തെ B-7 ഷെഡ്യൂളിൽ 618153 ആണുള്ളത്. വ്യത്യാസം 17214/- രൂപയുണ്ട്.)

10. വാർഷിക കണക്കിൽ ക്ലോസിംഗ് സ്റ്റോക്ക് കാണിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

11. I/Eഅക്കൗണ്ടിലെ I-17(a) ഷെഡ്യൂളിൽ Depreciation ചാർജ്ജ് ചെയ്തിട്ടുണ്ടെങ്കിലും ഡിപ്രീസിയേഷൻ കണക്കാക്കി യതിന്റെ അനുബന്ധ വിവരങ്ങൾ (ഡിപ്രീസിയേഷൻ നിരക്ക്, ആസ്തികളുടെ ബുക്ക് വാല്യൂ, ആസ്തിയുടെ ലൈഫ് ടൈം തുടങ്ങിയവ), ബന്ധപ്പെട്ട രേഖകളോ ഡാറ്റ ഷീറ്റോ സൂക്ഷിച്ചിട്ടില്ല.

12. NREGA ഗ്രാന്റിൽ താഴെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | ക്യാഷ് ബുക്ക് പ്രകാരം | AFS പ്രകാരം (RP-16) | വ്യത്യാസം |
|---|---|---|---|
| എസ്റ്റാബ്ലിഷ്മെൻറ് ചെലവ് | 18,74,475 | 4,60,144 | 14,14,331 |

13. RP-5 – ൽ Tender Form Sale ഇനത്തിൽ 415930/- രൂപ ഉണ്ട്. എന്നാൽ, പ്രസ്തുത തുകയുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

14. അസ്സറ്റ് രജിസ്റ്റർ വാല്യൂ ബെയിസിഡ് ആക്കി സംക്ഷിപ്തമെഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാറയം, വയനാട്.